പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 474 06.02.2013 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെട്ട അപകടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു. എം. പാലിശ്ശേരി<br>" ആർ. രാജേഷ്<br>ശ്രീമതി. കെ.എസ്.സലീഖ<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെട്ട അപകടങ്ങളും അതുമൂലമുള്ള മരണവും വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇതിനുള്ള കാരണമെന്താണെന്നും ഇത് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കാമോ ; | (ബി) | ഡ്രൈവർമാരുടെ അനാസ്ഥമൂലവും, വാഹനങ്ങളുടെ സാങ്കേതിക തകരാറുമാണ് പ്രധാനമായും കെ.എസ്.ആർ. ടി.സി. വാഹനങ്ങൾ മൂലമുള്ള അപകടങ്ങൾക്ക് കാരണം. ഇത് കുറയ്ക്കുന്നതിന് കെ.എസ്.ആർ.ടി.സി. യുടെ എല്ലാ ഡ്രൈവർമാർക്കും വിദഗ്ദ്ധ പരിശീലനം നൽകി വരുന്നു. 2012 വർഷത്തിൽ കെ.എസ്.ആർ.ടി.സി. യുടെ 14,961 ഡ്രൈവർമാരിൽ 11,004 പേർക്ക് വിദഗ്ദ്ധപരിശീലനം നൽകിയിട്ടുണ്ട്. |
| (സി) | അലക്ഷ്യമായ ഡ്രൈവിംഗും അമിത വേഗവും വഴി അപകടങ്ങൾ വരുത്തുന്ന ഡ്രൈവർമാർക്ക് തക്കതായ ശിക്ഷ നൽകാത്തതുമൂലമാണ് അപകടങ്ങൾ കൂടിവരുന്നത് എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; | (സി) | അലക്ഷ്യമായ ഡ്രൈവിംഗും, അമിത വേഗവും വഴി അപകടങ്ങൾ വരുത്തുന്ന ഡ്രൈവർമാർക്കെതിരെ ഉചിതമായ ശിക്ഷണ നടപടികൾ സ്വീകരിച്ച് കോർപ്പറേഷൻ വക വാഹനങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം അവരിൽ നിന്നും ഈടാക്കുകയും ചെയ്യുന്നുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി. ബസ്സ് ഉൾപ്പെട്ട അപകടങ്ങൾ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്തിന്റെ ഓരോ ജില്ലയിലും എത്ര വീതം ഉണ്ടായെന്നും എത്ര പേർ മരണപ്പെട്ടുവെന്നും വിശദമാക്കുമോ ; | (ഡി) | ജില്ല തിരിച്ചുള്ള കണക്ക് തയ്യാറാക്കിയിട്ടില്ല. 2012 ജനുവരി മുതൽ ഒക്ടോബർ മാസം വരെയുള്ള കണക്ക് പ്രകാരം 1,086 അപകടങ്ങളിൽ 149 പേർ മരണമടഞ്ഞു. |

| | | | |
|---|---|---|---|
| (ഇ) | അപകടത്തിൽപ്പെടുന്ന ബസ്സുകൾ ഓടിച്ചിരുന്ന ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും അപകടത്തിന്റെ കാരണം പരിശോധിച്ച് തക്കതായ ശിക്ഷ നൽകുന്നതിനും നടപടി സ്വീകരിക്കുമോ ? | (ഇ) | അപകടത്തിൽപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ ഡ്രൈവർമാർക്ക് നിലവിൽ പരിശീലനം നൽകുന്നുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെട്ടുണ്ടാകുന്ന അപകടത്തിൽ മരണം സംഭവിച്ചിട്ടുണ്ടെങ്കിൽ അതിൽ ഉൾപ്പെട്ട ഡ്രൈവർ കുറ്റക്കാരനാണെങ്കിൽ അഞ്ച് ദിവസത്തിൽ കുറയാത്ത തിരുത്തൽ പരിശീലനവും, അപകടം കെ.എസ്.ആർ.ടി.സി. ഡ്രൈവറുടെ കുറ്റംകൊണ്ടല്ല സംഭവിച്ചതെങ്കിൽ ടി ഡ്രൈവർക്ക് മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനായി രണ്ട് ദിവസത്തെ കൗൺസിലിംഗും നൽകി മാത്രമേ തുടർന്ന് ഡ്യൂട്ടി ചെയ്യുവാൻ അനുവദിക്കാറുള്ളൂ. കൂടാതെ കുറ്റക്കാർക്കെതിരെ ശിക്ഷണ നടപടികളും സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ